## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5610 | 24.05.2017 ൽ മറുപടിക്ക്

### ആർദ്രം പദ്ധതിയിൽ ഇ.സി.ജി. ടെക്നീഷ്യൻമാരുടെ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിനായി ആരോഗ്യവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യമേഖലയിലെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; | (എ) ➢ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.<br><br>➢ ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക<br><br>➢ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക<br><br>➢ രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക<br><br>➢ 8 മെഡിക്കൽ കോളേജുകളിലെ ഒ.പി.സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. ഇതിനായി 51.8184/- കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം 12.92 കോടി രൂപ അനുവദിക്കുകയും ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ. |

| | | | |
|---|---|---|---|
| | | | നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ആരോഗ്യമേഖലയിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ; | (ബി) | ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ കീഴിൽ 5,257 അധിക തസ്തികകൾ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും 680 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ആർദ്രം പദ്ധതിയിൽ ഇ.സി.ജി. ടെക്നീഷ്യൻമാരുടെ എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിക്കുന്നത്; ഇവരെ ഉടൻ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) & (ഡി) | ആർദ്രം പദ്ധതി പ്രകാരം 84 ഇ.സി.ജി ടെക്നീഷ്യന്മാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| (ഡി) | ആരോഗ്യവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളത്ര എണ്ണം ഇ.സി.ജി. ടെക്നീഷ്യൻമാരെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ